# ഇന്ത്യൻ അമേരിക്കൻ? അതോ അമേരിക്കൻ ഇന്ത്യനോ(?)

## ജോൺമാത്യു

**ഭാ**ഷയിലെ ചില വികൃതികളേ, ആരാണ് പറഞ്ഞത് ഒരു പ്രത്യേക രീതിയിൽ നിങ്ങളെ സംബോധന ചെയ്യുന്നതാണ് അവസാന വാക്കെന്ന്?

ലൂസിയാനയിലെ ഗവർണ്ണർ ഈയ്യിടെ പ്രസ്താവിച്ചു താൻ ഇന്തോ-അമേരിക്കനല്ല, പകരം അമേരിക്കക്കാരനാണെന്ന്...

ശരിയാണ്, അമേരിക്കയിൽ ജനിച്ചവരെല്ലാം ഈ നാട്ടുകാർതന്നെ. കുടിയേറ്റക്കാരുടെ നാടാണ് അമേരിക്ക. വിവിധ നാടുകളിൽനിന്ന് ഇന്നു വരെ വന്നുചേർന്നവരുടെ നാട്. പായ്ക്കപ്പലിലും, ആവിക്കപ്പലിലും തുടങ്ങി ഇന്നത്തെ അത്യാധുനിക ജംബോജെറ്റിൽവരെ എത്തിയവർ. അവരുടെ പിൻതലമുറക്കാർ!

സ്കോട്ട്ലണ്ടിൽനിന്ന് എത്രയോ കാലം മുൻപ് വന്നവരുടെ ഒരു ഉത്സവത്തിൽ ഈയ്യിടെ ഞാൻ പങ്കെടുത്തു. നീലയും ചുമപ്പും വരെയുള്ള പാവാടയുമുടുത്ത് മുൻപിലൊരു സഞ്ചിയും തൂക്കി തോളത്ത് പൈപ്പു ബാൻഡുമായി മാർച്ചുചെയ്തു പോകുന്ന ചെറുപ്പക്കാർ. അവരെല്ലാം അമേരിക്കക്കാർത്തന്നെ. ഉച്ചാരണവും ഭക്ഷണവും എല്ലാം അമേരിക്കൻ. പക്ഷേ, വല്ലപ്പോഴുമൊരിക്കൽ തങ്ങളുടെ ആ പഴയനാടിന്റെ ഓർമ്മയെന്ന് പുതുക്കുന്നു, വർണ്ണശബളമായി!

ഇതൊന്നും ഒരാവശ്യമല്ല, ആരും നിർബന്ധിക്കാറുമില്ല. ഇവിടെയാണ് നൂറുശതമാനവും ഇന്ത്യാക്കാരനായ പിയൂഷ്(ബോബി)ജിൻഡാൽ തന്റെ 'പടം ഉരിഞ്ഞുകളയാൻ' തത്രപ്പെടുന്നത്. മലയാളത്തിലെ പഴഞ്ചൊല്ലുകൾ: 'കാക്ക കുളിച്ചാൽ കൊക്കാകുമോ?' അല്ലെങ്കിൽ 'രാജാവിനുള്ളതിലും ഏറെ രാജഭക്തി.' അമേരിക്കൻ മാദ്ധ്യമങ്ങൾത്തന്നെ പരിഹസിക്കാൻ തുടങ്ങി അമേരിക്കൻ വെളുപ്പിനേക്കാൾ കൂടുതൽ വെളുപ്പുള്ള ബോബിയെന്ന്, ആ പരിഹാസത്തിന് മൂർച്ച കൂട്ടാനായിരിക്കണം അദ്ദേഹത്തിന്റെ പാരമ്പര്യചെല്ലപ്പേരായ 'പിയൂഷും' കൂടി പത്രക്കാർ ഇടയ്ക്കിടെ ഓർമ്മപ്പെടുത്തുന്നത്.

ഒരാൾ എങ്ങനെ അറിയപ്പെടണമെന്നത് ആ വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചായിരിക്കും, പക്ഷേ സമൂഹം എങ്ങനെയാണ് അതു കാണുന്നത്. അതു പലപ്പോഴും തെറ്റിദ്ധാരണയോ അജ്ഞതയോ മൂലമായിരിക്കാം.

മലയാളികളെ ഉത്തരേന്ത്യക്കാർ 'മദ്രാസി' എന്ന് വിളിക്കുന്ന ഒരു കാലമുണ്ടായിരുന്നു. കേരളസംസ്ഥാനം രൂപീകരിച്ച് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ആ സംബോധന തുടർന്നുകൊണ്ടേയിരുന്നു. മലയാളികൾ ഒത്തുകൂടുമ്പോൾ ഒരു പകരംവീട്ടലെന്ന രൂപത്തിൽ 'ഗോസായി' എന്ന് മറിച്ചും പറയുമായിരുന്നു. പക്ഷേ, ഈ ഗോസായിമാർ നമ്മുടെ പരിഹാസം കേൾക്കുന്നില്ലതന്നെ.

ഈസ്താംമ്പൂൾകടലിടുക്കിന്റെ കിഴക്കേക്കരമുതൽ ജപ്പാന്റെ കിഴക്കേയറ്റംവരെയും ഏഷ്യയാണ്. ഈ വലിയ ഭൂഖണ്ഡത്തിൽ ജീവിക്കുന്നവരെല്ലാം സാങ്കേതികമായി ഏഷ്യാക്കാരും. എന്നാൽ അമേരിക്കയുടെ ഔദ്യോഗിക കണക്കുകളിൽപ്പോലും ഏഷ്യാക്കാരായി കണക്കാക്കപ്പെടുന്നത് കിഴക്ക് ചൈന, കൊറിയ, ജപ്പാൻ തുടങ്ങിയ നാട്ടുകാരെയാണ്...

ഇന്തോ-അമേരിക്കൻ എന്ന സാങ്കേതികതയിൽ തൂങ്ങിയാണല്ലോ ഈ ലേഖനം തുടങ്ങിയത്. ബോബി ജിൻഡാലിന്റെ പ്രസ്താവനയിലും അല്പം കാര്യമുണ്ട്. ഒരിക്കൽ അമേരിക്കയിലേക്ക് കുടിയേറുന്നത്, ഇവിടെ പൗരത്വം നേടുന്നത് കഴിഞ്ഞകാല ബന്ധങ്ങളെ ത്യജിച്ചുകൊണ്ടാണ്. പിന്നെന്തിനു പഴയ നാടിന്റെ വാലായി നാം അറിയപ്പെടണം? എല്ലാവരും തുല്യർപോലും. ഇവിടെയാണ് യാഥാർത്ഥ്യത്തിലേക്ക് വരേണ്ടത്. ഈ തുല്യത നാമല്ലേ മനസ്സിൽ കൊണ്ടുനടക്കുന്നുള്ളൂ. സാഹിബുമാർ അത് അംഗീകരിക്കാൻ വിസമ്മതിക്കെന്നെങ്കിലോ. കൂട്ടത്തിൽ ചുട്ടികുത്തി നിർത്തിയിരിക്കുന്നതുപോലെ ഒരു തിരിച്ചറിവിന് വിവിധ നാട്ടുകാർക്ക് ചാർത്തിക്കിട്ടിയിട്ടുള്ളതാണ് ഇന്തോ, ആഫ്രോ, ഫിലിപ്പീനോ, വിയറ്റ്നാമീ എന്നൊക്കെ.

ഇവിടെ ഇന്ത്യാക്കാരുടെ കാര്യം വരുമ്പോഴാണ് പ്രശ്നം മറ്റൊരു വഴിക്കു തിരിയുന്നത്. അടുത്തയിടെ ഒരു സുഹൃത്ത് പറയുകയായിരുന്നു. സെയ്ന്റ് ജോസഫ് ഇന്ത്യൻ സ്കൂൾ എന്നു കണ്ട് ഒരു സംഭാവന നല്കി. അപ്പോഴിതാ വരുന്നു പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽനിന്നെല്ലാം 'ഇന്ത്യൻ' സംഭാവനകൾക്കുള്ള അഭ്യർത്ഥനകൾ! ഇത്രയധികം ഇന്ത്യൻ സ്കൂളുകളോ. പേടിക്കേണ്ട, അവരും ഇന്ത്യൻതന്നെ. പക്ഷേ, അമേരിക്കൻ-ഇന്ത്യൻ!

ഇതെങ്ങനെയാണ് തരം തിരിക്കുക. ഇന്ത്യൻ-ഇന്ത്യൻ അതായത് തനി ഇന്ത്യൻ. ഇന്തോ-അമേരിക്കനെന്നായാൽ ഇപ്പോൾ കുടിയേറി അമേരിക്കയിൽ വസിക്കുന്നവർ, ഇനിയും അമേരിക്കൻ-ഇന്ത്യൻ അതു ഇവിടത്തന്നെയുള്ളവർ. കണക്കിലെ 'ഉത്തമസാധാരണ'മനുസരിച്ച് രണ്ടിൽനിന്നും അമേരിക്ക അങ്ങ് വെട്ടിക്കളഞ്ഞാൽ എല്ലാവരും ഇന്ത്യനായി. വേണ്ട ഇന്ത്യയെന്ന വാക്കുതന്നെ വെട്ടുക അതാണല്ലോ ആഗ്രഹിക്കുന്നതും അങ്ങനെ നമുക്ക് സർവ്വരെയും അമേരിക്കക്കാരാക്കാം.

ഇപ്പോൾ ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുന്നത് നമ്മുടെ പാവം പീയൂഷ് (ബോബി) ജിൻഡാൽ, വേണ്ട, അമേരിക്കയിൽ കുടിയേറിയവരെല്ലാം ഇന്ത്യയിൽ ചെല്ലുമ്പോൾ നമ്മളുണ്ടാക്കിവെച്ച ഭാഷാനിയമമനുസരിച്ച് 'അമേരിക്കൻ-ഇന്ത്യനെ'ന്നല്ലേ അറിയപ്പെടേണ്ടത്, ആംഗ്ലോ-ഇന്ത്യൻപോലെ! ഒരു കാലത്ത് മഹാകവി രബീന്ദ്രനാഥ് ടാഗൂർപ്പോലും 'ആഗ്ലോ-ഇന്ത്യൻ' സാഹിത്യകാരനെന്നാണല്ലോ അറിയപ്പെട്ടിരുന്നത്.

-0-